പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 332

11.05.2017 - ൽ മറുപടിക്ക്.

# നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ചോദ്യം
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. മുല്ലക്കര രത്നാകരൻ,
ശ്രീമതി ഗീതാ ഗോപി,
ശ്രീ. എൽദോ എബ്രാഹാം.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടുന്നത് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) : കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില കൂടുന്നത് വിലയിരുത്തിയിട്ടുണ്ട്.

എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിക്കൊണ്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയത്തിന്റെ വിജ്ഞാപനവും ബഹു. സുപ്രീം കോടതിയുടെ ഉത്തരവും പുറപ്പെടുവിച്ചതിനെ തുടർന്ന് കേരളത്തിലെ രണ്ടായിരത്തിലധികം ചെറുകിട കരിങ്കൽ ക്വാറികൾ പ്രവർത്തനം നിർത്തി വയ്ക്കേണ്ട സാഹചര്യം സംജാതമായതിനെത്തുടർന്ന് കരിങ്കല്ലിന്റെ ഉല്പാദനം കുറഞ്ഞിട്ടുണ്ട്. നിലവിൽ പാരിസ്ഥിതിക അനുമതി തേടിയിട്ടുള്ള ക്വാറികൾക്കാണ് അനുമതി നൽകി വരുന്നത്. കരിങ്കല്ലിന്റെ ഉല്പാദനം കുറഞ്ഞ സാഹചര്യത്തിൽ കരിങ്കല്ലിനും മെറ്റലിനും എം. സാന്റിനും വില വർദ്ധിച്ചിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. സിമന്റിന്റെ ശരാശരി വില 2017 ഏപ്രിൽ മാസം 50 കിലോഗ്രാമിന്റെ പേപ്പർ ബാഗിന് RAMCO, Sankar, Chettinad, ACC എന്നീ ബ്രാൻഡുകൾക്ക് യഥാക്രമം 411.83, 411.25, 400.93, 419.33 രൂപയായിരുന്നു (state average). മലബാർ സിമന്റ്സിന്റെ പരമാവധി ചില്ലറ വില 405 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ demonitisation-നെ തുടർന്ന് സിമന്റിന്റെ പരമാവധി വില കുറഞ്ഞിരുന്നു. 29/07/2016, 10/05/2017 തീയതികളിൽ സിമന്റ് ഉത്പാദകരുടെയും സിമന്റ് ഡീലർമാരുടെയും യോഗം വിളിച്ച് സിമന്റ്

വില വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ഉയർന്ന ക്വാളിറ്റി ഇഷ്ടികയുടെ വില 2015-16-ൽ 10,000 എണ്ണത്തിന് 8162 രൂപ (state average) ആയിരുന്നു. സ്റ്റീലിന്റെ വില കിലോഗ്രാമിന് 2017 ഏപ്രിലിൽ 8mm, 10mm, 16mm-ന് യഥാക്രമം 45.36, 45.15, 45.29 രൂപയായിരുന്നു.

(ബി) ഇതുമൂലം നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ?

(ബി) : ഖനന, നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28/12/2016, 28/03/2016 എന്നീ തീയതികളിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 13/12/2016-ലും ബഹു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 21/03/17-ലും യോഗം കൂടി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നിർമാണ മേഖലയ്ക്കാവശ്യമായ ഖനന ഉത്പന്നങ്ങളുടെ ലഭ്യതയ്ക്കായി ഖനനവുമായി ബന്ധപ്പെട്ട പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ കലക്ടർ ചെയർമാനായി എൻവയോൺമെന്റ് ഇംപാക്ട് അസസ്-മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ഇങ്ങനെ പാരിസ്ഥിതികാനുമതി ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ ഡാമുകളിൽ നിന്നും സാങ്കേതിക മാനദണ്ഡമനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.